STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.270/PR/SPMC/PHQ/2026 Date:06.07.2026

# പത്രക്കുറിപ്പ്

## പരിഷ്കരിച്ച വിജിലൻസ് മാന്വലിന്റെ പ്രകാശനം നാളെ (ജൂലൈ 8)

പരിഷ്കരിച്ച വിജിലൻസ് മാന്വലിന്റെ പ്രകാശനം ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ജൂലൈ 8ന് (ബുധൻ) രാവിലെ 10.30ന് തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിലെ മൈൻഡ് ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ നിർവ്വഹിക്കും.

അഴിമതിക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രോജക്ട് സീറോ പദ്ധതിയുടെ ഭാഗമായാണ് പരിഷ്കരിച്ച വിജിലൻസ് മാന്വലിന്റെ പ്രകാശനവും വിവിധ സർക്കാർ വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ആഭ്യന്തര വിജിലൻസ് മേധാവിമാരുടെ അവലോകനയോഗവും സംഘടിപ്പിക്കുന്നത്.

കേരള ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി സി.പി ജോൺ മുഖ്യാതിഥിയാകും. ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിൻഹാജ് ആലം, കണ്ണൂർ റേഞ്ച് ഡി.ഐ.ജി കെ. കാർത്തിക് എന്നിവർ ആശംസകളർപ്പിക്കും. ഡി.ജി.പി & ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മനോജ് എബ്രഹാം സ്വാഗതമാശംസിക്കുന്ന ചടങ്ങിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഐ.ജി.പിയുടെ ചുമതല വഹിക്കുന്ന ഡി.ഐ.ജി തോംസൺ ജോസ് നന്ദി പറയും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*********************************************